"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ. ഡബ്ല്യു.എം3/264/2025-എൽ എസ് ജി ഡി
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29-07-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- ഓണാഘോഷം 2025 -"ഹരിത ഓണം"എന്ന ബ്രാന്റിംഗോടെ ഓണാഘോഷത്തെ മാലിന്യരഹിതമായി ആചരിക്കാനും ആഘോഷത്തോടനുബന്ധിച്ച് മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കാനും തദ്ദേശ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്

സമൃദ്ധിയും വൃത്തിയും ചേർന്നതാണ് ഓണം. ഇത്തവണ ഓണം മാലിന്യരഹിതമായി ആഘോഷിക്കാൻ നമുക്ക് കഴിയണം. മാലിന്യ ശേഖരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും ഹരിതകർമ്മസേനയുടെ സേവനവും കേരളത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ലഭ്യമാണ്. ഓണാഘോഷത്തെ മാലിന്യരഹിതമാക്കാനും മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കാനും ബോധപൂർവ്വമായി ഇടപെടണം. ഓണാഘോഷപരിപാടികൾ ആരംഭിക്കുന്നത് ചുറ്റുവട്ടം വൃത്തിയാക്കിയും പൂക്കളങ്ങളും അലങ്കാരങ്ങളും കൊണ്ട് ദൃശ്യഭംഗി വരുത്തിയുമാണ്. ഇത്തവണത്തെ ഓണാഘോഷം വൃത്തിയുടെ ആഘോഷമാക്കി മാറ്റാൻ നമ്മുക്ക് കഴിയണം. “വൃത്തിയുള്ള കേരളം” എന്ന ലക്ഷ്യം കേരളമാകെ അനുഭവവേദ്യമാക്കാനും അവ ചർച്ച ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയിൽ ഓണാഘോഷം സംഘടിപ്പിക്കാനുമുള്ള നേതൃത്വപരമായ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനാവശ്യമായ കർമ്മപരിപാടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കർമ്മപരിപാടിയിൽ ചുവടെ പറയുന്ന ഘടകങ്ങൾ നിർബന്ധമായി ഉറപ്പാക്കേണ്ടതാണ്.

1. പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കൽ:- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിലെ വ്യാപാര കേന്ദ്രങ്ങൾ/ പൊതു വിനോദയിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യം യഥാസമയം നീക്കം ചെയ്ത് മാലിന്യ രഹിതമാക്കി ദൃശ്യഭംഗി ഉറപ്പാക്കാൻ ആവശ്യമായ

ക്രമീകരണം ഉണ്ടാക്കണം. നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കുന്നതിന് ശുചീകരണ തൊഴിലാളികൾ, മേൽനോട്ടത്തിന് ഉദ്യോഗസ്ഥ(ൻ) ഉണ്ടെന്ന് ഉറപ്പാക്കണം.

2. വ്യാപാരം വലിയ തോതിൽ നടക്കുന്ന കാലഘട്ടമാണ് ഓണം. മുഴുവൻ വ്യാപാര സ്ഥാപനങ്ങളും മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാൻ മതിയായ വേസ്റ്റ്ബിൻ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കണം.

3. ഓണക്കാലത്ത് പച്ചക്കറി, പൂവ്, പഴക്കടകൾ, മറ്റ് ആഹാര സാധനങ്ങൾ, വസ്ത്രങ്ങൾ, കളിപ്പാട്ടങ്ങൾ തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വഴിയോര വാണിഭം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഉണ്ടാകും. അത്തരം താത്കാലിക വ്യാപാര സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാനും സംഭരിക്കാനും നീക്കം ചെയ്യാനും കൃത്യമായ ക്രമീകരണം ഉണ്ടാക്കണം. ഈ കേന്ദ്രങ്ങളിലെത്തുന്ന വ്യാപാരികളുടെ നേതൃത്വവും പങ്കാളിത്തവും ഉറപ്പാക്കുകയും വേണം. ഇതിലേക്കുള്ള ചിലവും പ്രസ്തുത വ്യാപാരികളിൽ നിന്നും ഈടാക്കേണ്ടതാണ്.

4. വിനോദ/ആഘോഷ പരിപാടികൾക്കായി ജനങ്ങൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ അധികമായി പൊതു വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കണം. അവ നിശ്ചിത ഇടവേളകളിൽ വൃത്തിയാക്കുന്നതിന് ചുമതലക്കാരും അവ ഉറപ്പാക്കാൻ ചാർജ് ഓഫീസറെയും ചുമതലപ്പെടുത്തേണ്ടതാണ്.

5. വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

6. ഓണാഘോഷത്തിന്റെ ഭാഗമായുള്ള അലങ്കാരങ്ങൾക്കും പൂക്കളത്തിനും നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ ഉപയോഗിക്കാതിരിക്കാൻ വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, ഓഫീസുകൾ ഉൾപ്പടെ എല്ലാവർക്കും കർശന നിർദേശം നൽകേണ്ടതാണ്. നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരികേണ്ടതാണ്.

7. സ്ഥാപനങ്ങളിൽ ഓണ സദ്യകൾ സംഘടിപ്പിക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് കപ്പ്/ പാത്രം/ ഇല/ സ്പൂൺ തുടങ്ങിയവ ഉപയോഗിക്കാതിരിക്കാനുള്ള നിർദേശം എല്ലാ സ്ഥാപനങ്ങൾക്കും രേഖാമൂലം മുൻകൂട്ടി നൽകേണ്ടതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നിയമനടപടി യഥാസമയം സ്വീകരിക്കണം.

8. ഓണത്തിന് മുൻപുള്ള വാതിൽപ്പടി ശേഖരണത്തിന്റെ ഭാഗമായി ഇ-മാലിന്യങ്ങളും സാനിറ്ററി മാലിന്യങ്ങളും ഒഴികെയുള്ള എല്ലാ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കണം. ആവശ്യമെങ്കിൽ 2025 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 2 -3 തവണ വാതിൽപ്പടി ശേഖരണം വേണ്ടിവന്നേക്കാം. ഇതിന് ആവശ്യമായ ക്രമീകരണം ഉണ്ടാകണം.

9. മാലിന്യത്തിന്റെ ഉറവിട കുറയ്ക്കൽ, വലിച്ചെറിയാതിരിക്കൽ, നിരോധിത വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയൽ തുടങ്ങി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കാൻ ശക്തമായ പ്രചരണ പരിപാടി ഈ കാലഘട്ടത്തിൽ നടത്തണം. ഇതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രത്യേക പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

10. മാലിന്യരഹിത ഓണം - മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ/ ഇതര സ്ഥാപനങ്ങൾ/ സർക്കാർ സ്ഥാപനങ്ങൾ/ റസിഡൻസ് അസോസിയേഷൻ/ ഫ്ലാറ്റ് സമുച്ചയങ്ങൾ/ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയ്ക്ക് അവാർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്നതിനും ക്രമീകരണം ഉണ്ടാക്കേണ്ടതാണ്.

11. ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ മാലിന്യരഹിത ഓണം ഉറപ്പാക്കിയ തദ്ദേശസ്ഥാപനത്തിന് ജില്ലാതല പുരസ്കാരം നൽകേണ്ടതാണ്. അതിനുള്ള നടപടി ജില്ലാ ജോയിന്റ് ഡയറക്ടർമാർ സ്വീകരിക്കണം

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തേണ്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ**

1. "ഹരിത ഓണം " എന്ന ബ്രാന്റിംഗോടെ ഇത്തവണത്തെ ഓണാഘോഷം നടത്തണം. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. മഹാബലിയെ "വൃത്തിയുടെ ചക്രവർത്തി" എന്ന ടാഗ് ലൈനിൽ ശുചിത്വ സന്ദേശം വീടുകളിൽ എത്തിക്കുന്നതിനുള്ള പ്രത്യേക IEC പരിപാടി സാമൂഹിക മാധ്യമങ്ങൾ അടക്കമുപയോഗിച്ച് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ പ്രതിമാസ ജനകീയ ശുചീകരണ യജ്ഞം ഓണത്തിന് മുമ്പും പിൻപും നടത്തുകയും എൻഫോഴ്സ്മെന്റ് നടപടികൾ കർശനമാക്കുകയും വേണം.

4. കടകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ വലിയ അളവിൽ പഴം-പച്ചക്കറി മാലിന്യങ്ങൾ ഈ സമയത്തു ഉണ്ടാകും. കൂടാതെ സ്ഥാപനങ്ങളിലെ ഓണഘോഷങ്ങളുടെ ഭാഗമായി ഭക്ഷണ മാലിന്യങ്ങളും ഉണ്ടാകും. ഈ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്. ഇവയിൽ നിലവിൽ കെട്ടികിടക്കുന്ന കമ്പോസ്റ്റ് ഒഴിവാക്കി കൂടുതൽ സ്ഥലം ലഭ്യമാക്കുക, അറ്റകുറ്റപണികൾ നടത്തുക, ശേഖരിക്കുന്നതിനുള്ള വാഹന സൗകര്യം ഉറപ്പാക്കുക എന്നിവ ഇതോടാനുബന്ധിച്ച് പൂർത്തിയാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഇതിലേക്ക് താൽക്കാലിക പൊതു കമ്പോസ്റ്റിംഗ് സംവിധാനം ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. ഓണക്കാലത്തു കൂടുതൽ അജൈവ മാലിന്യങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്, ആയതിനാൽ

MCF ൽ നിലവിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ, സ്റ്റോക്ക് എന്നിവ മുൻകൂട്ടി നീക്കം ചെയ്തു MCF പൂർണ്ണമായി ക്ലിയർ ചെയ്യേണ്ടതാണ്. MCF ക്ലിയർ ചെയ്യുന്നതിനും, വരുന്ന മാലിന്യങ്ങൾ അതാത് സമയത്ത് കൃത്യമായി നീക്കം ചെയ്യുന്നതിനും (പ്രത്യേകിച്ച് സ്ഥല സൗകര്യം പരിമിതമായ MCF കളിൽ) കരാർ വച്ചിട്ടുള്ള ഏജൻസിയുമായി പ്രത്യേക ധാരണ ഉണ്ടാക്കേണ്ടതാണ്. അധിക ലിഫ്റ്റിംഗ് കണക്കാക്കി അതിനു വേണ്ട വ്യവസ്ഥകൾ ഏജൻസിയുമായി ഉണ്ടാക്കണം.

6. ഈ കാലയളവിൽ വാതിൽപ്പടി ശേഖരണത്തിന്റെ തവണകൾ കൂട്ടേണ്ടതിനാലും ശേഖരിക്കുന്ന പാഴ് വസ്തുക്കൾ അതാത് ദിവസം MCF ലേക്ക് മാറ്റുന്നതിനും ഹരിതകർമ്മ സേനകൾക്ക് വാഹന ലഭ്യത ഉറപ്പാക്കണം. ആവശ്യമെങ്കിൽ വാഹനങ്ങൾ വാടകക്ക് എടുത്തു നൽകുന്നതിനും ക്രമീകരണം ഉണ്ടാക്കണം .

7. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ഭരണസമിതികളും യോഗം ചേർന്ന് മാലിന്യ രഹിത ഓണം കർമ്മപരിപാടിയും ഇതോടനുബന്ധിച്ച് നൽകുന്ന അവാർഡുകൾ പുരസ്കാരങ്ങൾ എന്നിവ നിശ്ചയിച്ച് അംഗീകാരം നൽകണം. ഇതോടൊപ്പം ഇവ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

8. വ്യാപാര - വ്യവസായി സംഘടനകൾ, ഓണകച്ചവടം നടത്തുന്ന സ്ഥാപനങ്ങൾ/ സംഘടനകൾ/ വ്യക്തികൾ തുടങ്ങിയവരുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് വ്യാപാരികളും ഓണകച്ചവടക്കാരും കർമ്മ പരിപാടി നടപ്പാക്കുന്നതിൽ പാലിക്കേണ്ട കാര്യങ്ങളും പൊതുനിബന്ധനകളും നൽകാൻ തീരുമാനിച്ചിട്ടുള്ള പുരസ്കാരങ്ങളും/ അംഗീകാരങ്ങളും സംബന്ധിച്ച് വിശദീകരിച്ച് അവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

9. ഓണക്കാല വഴിയോര കച്ചവടക്കാർക്ക് താൽക്കാലിക ലൈസൻസ് നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവിടങ്ങളിലെ മാലിന്യ ശേഖരണത്തിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

10. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ റെസിഡൻസ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, യുവജനസംഘടനകൾ, ഓണാഘോഷം നടത്തുന്ന മറ്റ് എല്ലാ സംഘടനകളുടെയും യോഗം ചേർന്ന് ഓണാഘോഷത്തിൽ പാലിക്കേണ്ട ഹരിതചട്ടവും മാലിന്യ രഹിത ഓണം കർമ്മപരിപാടിയും നടപ്പാക്കുന്നതിൽ സംഘടനകളുടെ പങ്കാളിത്തവും പിന്തുണയും അഭ്യർത്ഥിക്കണം. കൂടാതെ പാലിക്കേണ്ട നിബന്ധനകളും അറിയിക്കണം.

11. മാലിന്യ രഹിത ഓണം ഉറപ്പാക്കാൻ ആഗസ്റ്റ് മാസത്തിലെ വാതിൽപ്പടി ശേഖരണത്തിൽ ഇ-

മാലിന്യവും സാനിറ്ററി മാലിന്യവും ഒഴികെ എല്ലാം മാലിന്യവും ശേഖരിക്കുമെന്നും നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ലിസ്റ്റ് പരിചയപ്പെടുത്തി അവ ഉപയോഗിക്കരുത്, നിയമപരമായ നടപടികൾ എന്നിവ സംബന്ധിച്ച് ഹരിത കർമ്മ സേന മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും നേരിട്ട് അറിയിപ്പ് നൽകണം. അതിലേക്ക് പ്രത്യേക ഫ്ലാഷ് കാർഡ് തയ്യാറാക്കി നൽകണം. ഈ ഫ്ലാഷ് കാർഡ് കാണിച്ചു വേണം വീട്/ സ്ഥാപന പ്രതിനിധികൾക്ക് ഹരിത കർമ്മ സേന വിശദീകരിച്ചു നൽകേണ്ടത്. ഇത് ദീർഘകാലം ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ശുചിത്വമിഷൻ തയ്യാറാക്കി അച്ചടിച്ച് നൽകേണ്ടതാണ്.

12. തദ്ദേശ സ്വയംഭരണ പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും മാലിന്യ പരിപാലനത്തിൽ പാലിക്കേണ്ട കടമകൾ, സ്ഥാപനത്തിന് ചുറ്റുവട്ടം വൃത്തിയായി സൂക്ഷിക്കുക, മതിയായ ബിൻ സ്ഥാപിക്കുക, നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ സംഭരണം/വില്പന/ഉപയോഗം പാടില്ല എന്നും നിയമനടപടി, നിരോധിത ഉത്പന്നങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയമാനുസൃത നോട്ടീസ് നൽകേണ്ടതാണ്.

13. ഓണക്കാലത്തെ മാലിന്യ പരിപാലനം, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ നടപടികൾ എന്നിവ സംബന്ധിച്ച് വ്യാപകമായി വിവിധ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണം, ഉച്ചഭാഷിണി പ്രചാരണം തുടങ്ങിയവ സംഘടിപ്പിക്കണം.

14. ബദൽ ഉല്പന്ന പ്രചാരണം, ക്യാരി ബാഗ് പ്രചാരണം, ജനകീയ സഞ്ചി നിർമ്മാണ മേളകൾ തുടങ്ങിയവും പശ്ചാത്തല സൃഷ്ടിക്കായി സംഘടിപ്പിക്കാം.

15. നിലവിൽ മാലിന്യ നിക്ഷേപ സ്ഥലങ്ങൾ കണ്ടെത്തി സംഘടനകൾ, സ്ഥാപനങ്ങൾ, കുടുംബശ്രീ തുടങ്ങിയവയുടെ നേതൃത്വത്തിൽ ഓണാഘോഷത്തിനായി ഹ്രസ്വകാല പൂച്ചെടികൾ വച്ചു പിടിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

16. വിജിലൻസ് സ്ക്വാഡിന്റെ നേതൃത്വത്തിൽ വ്യാപാര കേന്ദ്രങ്ങൾ നേരിട്ട് സന്ദർശിച്ച് മാലിന്യ പരിപാലനം, നിരോധിത വസ്തുക്കൾ സംബന്ധിച്ച് അറിയിപ്പ് നൽകണം. ഇതിലേക്ക് സ്പെഷ്യൽ സ്ക്വാഡിനും രൂപം നൽകാവുന്നതാണ് .

**പ്രാദേശിക സംഘടനകളോട് അഭ്യർത്ഥിക്കാവുന്ന പ്രവർത്തനങ്ങൾ**

1. പ്രാദേശിക കൂട്ടായ്മകൾ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയവർ സംഘടിപ്പിക്കുന്ന ഓണ പരിപാടികളിൽ എന്റെ വീട് മാലിന്യമുക്തം/ ഹരിത വീട് എന്നീ വിഷയങ്ങളിൽ റീൽസ് മത്സരങ്ങൾ കൂടാതെ കുട്ടികൾക്കുള്ള രചന മത്സരങ്ങളിലും പ്രസംഗ മത്സരങ്ങളിലും ശുചിത്വം, വൃത്തി, മാലിന്യം എന്നിങ്ങനെയുള്ള വിഷയങ്ങൾ ഉൾക്കൊള്ളിക്കാനുള്ള സാധ്യത.

2. ഓണാഘോഷ പരിപാടികൾ നടക്കുന്ന ഓരോ കേന്ദ്രങ്ങളിലും പരിപാടികൾക്ക് ശേഷം ശുചീകരണ പരിപാടി സംഘടിപ്പിക്കാനും സമാപന സമ്മേളനത്തിൽ വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിത സർട്ടിഫിക്കറ്റ് നൽകാനുമുള്ള പ്രത്യേക പരിപാടി.

3. ഓണാഘോഷ പരിപാടികളിൽ സമ്മാനങ്ങളായി ഹരിത കിറ്റ്, മെൻസ്ട്രൽ കപ്പ്, ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ, വീടുകളിലേക്ക് ആവശ്യമായ കളർ കോഡുള്ള ബിന്നുകൾ, മഷി പേനകൾ, സ്റ്റീൽ കുപ്പികൾ, തുണിസഞ്ചികൾ തുടങ്ങിയ ബദൽ ഉൽപ്പന്നങ്ങൾ നൽകാനുള്ള സാദ്ധ്യതകൾ പരിഗണിക്കാൻ അഭ്യർത്ഥിക്കാവുന്നതാണ് .

4. ക്ലബ്ബുകളുടേയും കൂട്ടായ്മയുടേയും നേതൃത്വത്തിൽ പ്രാദേശിക കേന്ദ്രങ്ങളിലും കവലകളിലും ഓണാഘോഷം നടക്കുന്ന സ്ഥലങ്ങളിലും സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. വീടുകളിൽ വെറുതെ കിടക്കുന്നതും മറ്റുള്ളവർക്ക് ഉപയോഗപ്രദവുമായ വസ്തുക്കൾ (വസ്ത്രങ്ങൾ, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ, ബാഗ്, ഇലക്ട്രോണിക് ഉപകരണങ്ങൾ) കൈമാറാനുള്ള ഇടമാണ് സ്വാപ് ഷോപ്പുകൾ.

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 29-07-2025 11:04:28
സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ-ക്ക്